പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2201 — 05.05.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കൾ നവീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കൾ നവീകരിക്കുന്ന തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഐ.ടി.ഐ. കളെ മികവുറ്റ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റാൻ അനുമതി നല്കിയിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്തെ 10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) -ന്റെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളാക്കി മാറ്റുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ M/s. KASE (കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്) - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ ഐ.ടി.ഐ.കളുടെ നവീകരണവുമായി ബന്ധപ്പെട്ട് നടപ്പ സാമ്പത്തിക വർഷം യന്ത്രോപകരണങ്ങളുടെ സംഭരണത്തിന് 36.85 കോടി രൂപയും വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് 13.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, കരിമ്പുഴയിലെ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല. |

(സി) അധ്യാപക, അധ്യാപകേതര ജീവനക്കാരെ സ്ഥിരമായി നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. എലുമ്പുലാശ്ശേരി - യിൽ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരെ സ്ഥിരമായി നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഐ.ടി.ഐ.യിൽ അനുവദിച്ച തസ്തികകളിൽ പ്രിൻസിപ്പാൾ ക്ലാസ് - 2 തസ്തികയിലെ ഒഴിവ് നികത്തിയിട്ടുണ്ട്. പ്ലംബർ ട്രേഡിലെ ഒഴിവിൽ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥലം മാറ്റം മുഖേനയും ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലെ ഒഴിവിൽ പി.എസ്.സി. മുഖേനയും നിയമനം നടത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലാർക്ക് തസ്തികയിൽ ഒരു ഉദ്യോഗസ്ഥനെ സ്ഥലം മാറ്റി നിയമിച്ചു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വാച്ച്മാൻ തസ്തികയിൽ നിന്നും തസ്തികമാറ്റം മുഖേന ഒരു ഉദ്യോഗസ്ഥനേയും നിയമിച്ചിട്ടുണ്ട്.

Bindu

സെക്ഷൻ ഓഫീസർ